സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ആശ്രിത നിയമനം – അവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ തിരികെ നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 12234/17/Est-4** നന്തൻകോട്, **19/07/2023**

---

പരാമർശം :– ദേവസ്വം കമ്മീഷണർ ആഫീസിലെ 05/2023 ലെ ROC 2431/22/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കിവരവെ മരണമടയുന്ന ആശ്രിതർ ആശ്രിത നിയമനവ്യവസ്ഥ പ്രകാരം നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ ഹാജരാക്കുന്ന അവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ തലൂക്ക് ആഫീസിൽ നിന്നും ഒറ്റ തവണ മാത്രമേ ലഭിക്കുകയുള്ളൂവെന്നും ആയതിന്റെ അസ്സൽ വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുമെന്നതിനാൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അംഗീകരിച്ചുകൊണ്ട് അസ്സൽ തിരികെ നൽകണമെന്നത് സംബന്ധിച്ച് അപേക്ഷകൾ സമർപ്പിക്കുകയും ആയതിന്മേൽ സൂചന പ്രകാരമുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

പ്രസ്തുത അപേക്ഷകൾ, ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് എന്നിവ ബോർഡ് വിശദമായി പരിശോധിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം ലഭിക്കുന്നതിനായി ആശ്രിതൻ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാക്കുന്ന അവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഈ ആഫീസിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം അസ്സൽ തിരികെ നൽകികൊണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അംഗീകരിക്കുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഐ.റ്റി. ഡിവിഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK